പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 433 — 11.06.2013 -ൽ മറുപടിക്ക്

## പോയിന്റ് ഡ്യൂട്ടി സമ്പ്രദായം

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ നടത്തുന്നുണ്ട്; | (എ) | 127 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) | പ്രതിദിന ക്യാൻസലേഷൻ സർവ്വീസുകളുടെ ശരാശരി എണ്ണം എത്രയാണ്; | (ബി) | പ്രതിദിനം ശരാശരി 28 ഷെഡ്യൂളുകൾ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണം ക്യാൻസൽ ചെയ്യാറുണ്ട്. |
| (സി) | ഡിപ്പോയിലെ ശരാശരി പ്രതിമാസ വരുമാനം എത്രയാണ്; | (സി) | 2013 ജനുവരി മുതൽ 2013 മെയ് മാസം വരെയുള്ള പ്രതിമാസ ശരാശരി വരുമാനം 3,08,28,639/- രൂപയാണ്. |
| (ഡി) | പോയിന്റ് ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തിയ ശേഷം ഡിപ്പോയിൽ മാസവരുമാനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ദിവസേന ഓപ്പറേറ്റ് ചെയ്യുന്ന ബസുകളുടെ ഏറ്റക്കുറച്ചിൽ, ദിവസങ്ങളുടെ പ്രത്യേകത, ഓരോ ദിവസത്തേയും പ്രാദേശികമായ പ്രത്യേകതകൾ തുടങ്ങിയ കാരണങ്ങളാൽ പോയിന്റ് ഡ്യൂട്ടി സംവിധാനം ഏർപ്പെടുത്തിയ ശേഷമുള്ള വരുമാന വർദ്ധനവ് സംബന്ധിച്ച കൃത്യമായ കണക്കെടുപ്പ് ഏതെങ്കിലും യൂണിറ്റ് തലത്തിലോ സംസ്ഥാന തലത്തിലോ പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ